ശ്രീ. ജി. വേലായുധൻ; சர் தொழிற்சாலை புல்லுதல் விவசாயம் செய்யக்கூடியவர்கள் உள்ளனர். அவர்களையும் இந்த ஸ்கீமில் உட்படுத்தி, அவர்களுக்கு தேவையான உதவி செய்யப்படுமா?

ശ്രീ. എൻ. സുന്ദരൻ നാടാർ: അക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ അനുവദിച്ച വായ്പ

* 48 [48] ശ്രീ. ഇ. പത്മനാഭൻ:
,, വർക്കല രാധാകൃഷ്ണൻ:
,, ടി. കെ. ആറുമുഖൻ:
,, വി. ജെ. തങ്കപ്പൻ:
,, ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻ വ്യവസായ സംരംഭങ്ങൾക്കും മറ്റും അനുവദിച്ച വായ്പ വിതരണം ചെയ്യാത്ത എത്ര കേസുകളുണ്ട്;

(ബി) ഏതെങ്കിലും വായ്പകൾ അനുവദിച്ചതിനുശേഷം റദ്ദാക്കിയിട്ടുണ്ടോ;

(സി) വായ്പ നൽകാൻ ഇപ്രാവശ്യം ലഭ്യമാക്കാൻ കഴിയുന്ന തുക എത്ര?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 31-3-1986 വരെ 338 കേസുകൾ ഉണ്ട്.
(ബി) ഉണ്ട്. 1208 കേസുകൾ.
(സി) 1986-87ൽ 25 കോടി രൂപ ലഭ്യമാക്കാൻ കഴിയും.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ ഇന്ന് ഈടാക്കിവരുന്ന പലിശ വളരെ കൂടുതലാണ്. ചില ബ്ലേഡു കമ്പനികളെക്കാളും വളരെക്കൂടുതൽ പലിശയാണ് ഈടാക്കുന്നത്. ഇത്തരം പരാതി ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ? ഈ വൈഷമ്യം മനസ്സിലാക്കി പലിശ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ കൊടുക്കുന്ന വായ്പയുടെ 90 ശതമാനം ഐ. ഡി. ബി. ഐയിൽ നിന്നും റീഫൈനാൻസ് കിട്ടുന്ന വായ്പയാണ്. ഐ. ഡി. ബി. ഐ. അംഗീകരിച്ച ബോറോവറിൽനിന്നും വാങ്ങുന്ന പലിശയെ സംബന്ധിച്ചുള്ള വ്യക്തമായ പലിശ നിരക്കുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബ്ലേഡു കമ്പനിയുടെ പലിശയൊന്നുമില്ല. പലിശ വിവരം വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുന്നോക്ക പ്രദേശങ്ങളിലെ ഇടത്തരം വ്യവസായങ്ങൾക്ക് 14 ശതമാനം. പിന്നോക്ക പ്രദേശങ്ങളിലെ 25000 രൂപവരെയുള്ള composite ലോണിന് 10.25 ശതമാനം. ചെറുകിട വ്യവസായ യൂണിറ്റുകൾക്കും ഫിഷിങ് ബോട്ടുകൾക്കും 12.5 ശതമാനം. ട്രാൻസ്പോർട്ട് വ്യവസായം ഒഴികെയുള്ളവയ്ക്ക് 12.5 ശതമാനം. മുന്നോക്ക പ്രദേശങ്ങളിലെ ചെറുകിട വ്യവസായങ്ങൾക്ക് 25000 രൂപ വരെയുള്ള കോമ്പോസിറ്റ് ലോണിന് 12.5 ശതമാനം. ചെറുകിട യൂണിറ്റുകൾക്കും ഫിഷിങ് ബോട്ടുകൾക്കും 13.5 ശതമാനം. ഒരു വണ്ടി മാത്രമുള്ളവർക്ക് 12.5 ശതമാനം. മറ്റുള്ളവർക്ക് 15 ശതമാനം. ചെറുകിട യൂണിറ്റുകൾക്ക് പിന്നോക്ക ജില്ലകളിൽ 12.5 ശതമാനം. മറ്റു ജില്ലകളിൽ 13.5 ശതമാനം.

മറ്റു വ്യവസായങ്ങൾ:— പിന്നോക്ക ജില്ലകളിൽ 12.5 ശതമാനം. മറ്റു പ്രദേശങ്ങളിൽ 14 ശതമാനം. മുന്നോക്ക പ്രദേശങ്ങളിൽ മിനി സ്റ്റീൽ വ്യവസായങ്ങൾക്ക് 12.5 ശതമാനം. പിന്നോക്ക പ്രദേശങ്ങളിൽ 12.5 ശതമാനം. ഇളവിന് വിധേയമായ മിനി സ്റ്റീൽ യൂണിറ്റുകൾക്ക് 12.5 ശതമാനം. ഇളവില്ലാതെ 12.5 ശതമാനം. ഇതാണ് റേറ്റ്. ഇത് ബ്ലേഡു കമ്പനികളുടെ റേറ്റുമായിട്ട് യാതൊരു ബന്ധവുമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: വായ്പക്ക് അപേക്ഷ സമർപ്പിച്ചാൽ അതു പ്രഭിക്കാൻ വളരെ കാലതാമസം നേരിടുന്നു. അതിന്റെ ഫലമായി എന്തിനുവേണ്ടിയാണോ ഒരു പ്രോജക്ട് തുടങ്ങാൻ നിശ്ചയിച്ചത് ആ പർപ്പസ് തന്നെ പരാജയപ്പെടുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. അതുകൊണ്ട് ഈ നടപടിക്രമം ഒന്ന് ലഘൂകരിച്ച് വ്യവസായ സംരംഭങ്ങൾക്ക് എത്രയും പെട്ടെന്ന് വായ്പ ലഭിക്കാനുള്ള സത്വരനടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ ചില വസ്തുതകൾ ഉണ്ട്. കെ. എഫ്. സി.യുടെ കഴിഞ്ഞ കാലപ്രവർത്തനങ്ങളിൽ വളരെയധികം കാലതാമസം ഉണ്ടാകുന്ന സാഹചര്യം ഉണ്ടായിരുന്നു. അതിൽ ഒന്ന് ഐ. ഡി. ബി. ഐ. യിൽ നിന്നും റീഫിനാൻസ് കിട്ടാനുള്ള കാലതാമസമാണ്. ഐ. ഡി. ബി. ഐ കുടിശ്ശിക കുറച്ചു കൊണ്ടുവരണമെന്ന് പലപ്പോഴും നിർദ്ദേശിച്ചിട്ടുണ്ട്, 90 ശതമാനംവരെ കെ. എഫ്. സി.ക്ക് കുടിശ്ശിക ഉണ്ടായിരുന്നു. രണ്ടുമൂന്നു കൊല്ലമായുള്ള പ്രവർത്തനത്തിൽ ആ കുടിശ്ശിക കുറച്ചു കൊണ്ടുവന്ന് അത് 50 ശതമാനമാക്കിയെടുക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ കെ. എഫ്. സിയുടെ മാനേജിങ് ഡയറക്ടറേയും ഉദ്യോഗസ്ഥൻമാരെയും വിളിച്ചത് ഒരു മാസത്തിനകം വായ്പ ക്ലിയർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം നൽകാൻ വേണ്ടിയാണ്. പ്രോസസ് ചെയ്യുന്നതിലാണ് കൂടുതലും കാലതാമസം നേരിടുന്നത്. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ സിഡ്കോ തുടങ്ങിയുള്ള സ്ഥാപനങ്ങൾ വലിയ കാലതാമസം വരുത്തുന്നുണ്ട്. കാലതാമസം വരുത്തരുതെന്നു പറഞ്ഞ് അവരുമായി ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്. അങ്ങനെ കഴിയുന്നത്ര കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. ടി. കെ. അബുമുഖൻ: ബഹുമാനപ്പെട്ട മന്ത്രി 'ബി' ചോദ്യത്തിന് ഉണ്ട് എന്നാണ് ഉത്തരം നൽകിയത്. ഏതെങ്കിലും വായ്പകൾ അനുവദിച്ചതിനുശേഷം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് എന്താണ കാരണമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: 1208 കേസുകളിലാണ് റദ്ദാക്കിയിട്ടുള്ളത്. [37.61 കോടി രൂപ എടുത്തിട്ടുണ്ട്.] റദ്ദാക്കിയതിനുള്ള കാരണങ്ങളും പറയാം. ആവശ്യമുള്ള ഡോക്യുമെൻറുകൾ ഹാജരാക്കാത്തതുകൊണ്ട് 36 ശതമാനം, വ്യവസായ സംരംഭങ്ങൾ സ്വമേധയാ പിൻവലിച്ചതുകൊണ്ട് 43 ശതമാനം, സാമ്പത്തികശേഷി ഇല്ലെന്ന് പിന്നീട് മനസ്സിലാക്കിയതുകൊണ്ട് 5 ശതമാനം. വിദ്യുച്ഛക്തി ലഭിക്കാത്തതുകൊണ്ട് 7 ശതമാനം ട്രാൻസ്പോർട്ട് റൂട്ട് പെർമിറ്റ് കിട്ടാത്തതുകൊണ്ട് 8 ശതമാനം. ഇങ്ങനെയാണ് ഈ 1208 വായ്പാ അപേക്ഷകൾ ഉപേക്ഷിക്കേണ്ടി വന്നത്.

ശ്രീ. ടി. കെ. അറുമുഖൻ: ജില്ലാ ഓഫീസുകൾ മുഖേന എത്ര രൂപവരെ വായ്പ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പ്രത്യേകമായി ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. വി. ജെ. തങ്കപ്പൻ: കെ. എഫ്. സി. വ്യവസായങ്ങൾക്ക് നൽകിയ വായ്പ തിരിച്ചടയ്ക്കുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞു. 50 ശതമാനത്തോളം വരുന്ന ആ കുടിശ്ശിക എത്ര രൂപയാണെന്ന് പറയാൻ കഴിയുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോഴുള്ളത് 81 കോടി രൂപയുടെ ഔട്ട് സ്റ്റാൻറിങ്ങാണ്. കുടിശ്ശിക 40 കോടി രൂപയുണ്ട്. കഴിഞ്ഞ 1984-85, 1985-86 വർഷങ്ങളിൽ 40 ശതമാനം കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞു. കെ. എഫ്. സി. ഈ വർഷം ആഗ്രഹിക്കുന്നത് 25 ശതമാനമായി കുറച്ചു കൊണ്ടുവരാനാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: വ്യവസായങ്ങൾക്കു നൽകിയ വായ്പയിൽ കുടിശ്ശികയുണ്ടെന്ന് പറഞ്ഞല്ലോ. അതിൽ, വ്യവസായങ്ങൾ പൂട്ടിയതു കാരണം ഉണ്ടായ കുടിശ്ശിക എത്രയാണെന്നും വ്യവസായങ്ങൾ എത്രയാണെന്നും പറയാൻ കഴിയുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പ്രത്യേകമായ കണക്കില്ല. പ്രത്യേകമായി ചോദിച്ചാൽ പറയാം.

ശ്രീ. ടി. കെ. ഹംസ: ഫൈനാൻസ് കോർപ്പറേഷൻ ഹോട്ടൽ വ്യവസായത്തിന് ധനസഹായം കൊടുക്കുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ടോ? മുമ്പുണ്ടായിരുന്നത് നിർത്തലാക്കിയോയെന്ന്, വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഹോട്ടൽ പ്രോജക്ടുകൾക്ക് ലോ പ്രയോറിറ്റിയാണ് ഐ. ഡി. ബി. ഐ. നിശ്ചയിച്ചിട്ടുള്ളത്. കെ.എഫ്.സി. നേരത്തേ ലോൺ കൊടുത്ത പല ഹോട്ടൽ പ്രോജക്ടുകളും തിരിച്ചടയ്ക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയതുകൊണ്ട് കെ. എഫ്. സി. യെ നിരുൽസാഹപ്പെടുത്തുകയായിരുന്നു, അടുത്ത കാലത്തു റിക്കവറിയിൽ ഒരു പ്രോഗ്രസ് കണ്ടതുകൊണ്ട്, വളരെ ലോ പ്രയോറിറ്റി അയതുകൊണ്ട് ഹോട്ടൽ പ്രോജക്ട് കൊടുക്കാൻ കെ. എഫ്. സി. ക്ക് ഇനി തടസ്സമില്ല.

ശ്രീ. ടി. കെ. ഹംസ: വീഴ്ച വരുത്തിയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? അത് എത്രത്തോളമായി എന്ന വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: വീഴ്ച വരുത്തുന്നവർക്കെതിരായി റവന്യൂ റിക്കവറി അടക്കമുള്ള കർശനമായ നടപടികളും സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: കെ. എഫ്. സി. ആശുപത്രികളെ ഏതു തരത്തിലാണ് കാണുന്നത്? ആശുപത്രികൾക്ക് ലോൺ കൊടുക്കാൻ എന്തുകൊണ്ടാണ് വ്യവസ്ഥ ചെയ്യാത്തത്? ഐ. ഡി. ബി. ഐ. അതു സംബന്ധിച്ച് വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

ശ്രീ തച്ചടി പ്രഭാകരൻ: ഐ. ഡി. ബി. ഐ. ക്ക് പ്രത്യേകമായ ഒരു ലിസ്റ്റുണ്ട്. ഇന്നയിന്ന സെക്ടറുകൾക്കാണ് ലോൺ കൊടുക്കുന്നത് എന്ന് വച്ചിട്ടുണ്ട്. അതിൽ ആശുപത്രിയുടെ പേര് ഉൾപ്പെടുത്താത്തതുകൊണ്ട് ഐ. ഡി. ബി. ഐ. യുടെ റീ ഫൈനാൻസ് കിട്ടുന്ന ഒരു സ്ഥാപനത്തിനും ലോൺ കൊടുക്കാനുള്ള സാഹചര്യമില്ലാത്തതിനാൽ കെ. എഫ്. സി.ക്ക് അതിന് നിർവ്വാഹമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: വായ്പകൾ റദ്ദാക്കിയിട്ടുള്ളതിൽ എത്ര കേസുകൾക്ക് വായ്പ വിതരണം ചെയ്യാതിരിക്കുന്നുണ്ട്. അങ്ങനെ വിതരണം ചെയ്യാതിരിക്കുന്നതിന് എന്താണ് കാരണം.

ശ്രീ. തച്ചടി പ്രഭാകരൻ: 'എ' ചോദ്യത്തിന്റെ ഉത്തരം അതാണ്. 338 യൂണിറ്റുകൾ സങ്കൻഷൻ ആയത് പ്രവർത്തിക്കാതെ കിടക്കുന്നതുകൊണ്ട് 17.38 കോടി രൂപ അതിൽ ആറു മാസംവരെ പഴക്കമുള്ള കേസുകൾ 264, ആറുമാസത്തിനും ഒരു വർഷത്തിനും ഇടയിൽ പഴക്കമുള്ളത് 44, ഒരു വർഷത്തിനു മേലുള്ളത് 30. നേരത്തെ പറഞ്ഞ പല കാരണങ്ങളും തടസ്സമാണ്. തടസ്സങ്ങൾ കഴിയുന്നത്ര നീക്കി വ്യവസായങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ബേബി ജോൺ: കെ. എഫ്. സി. ലോൺ കൊടുത്തതിൽ സിക്ക് യൂണിറ്റുകൾ എത്രയുണ്ട്. അത് റിവൈവ് ചെയ്യാനുള്ള വല്ല സ്കീമുമുണ്ടോ? അതുപോലെത്തന്നെ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് പ്രധാനപ്പെട്ട ഒരെണ്ണം ആണെന്ന് കണക്കിലെടുത്തുകൊണ്ട് മുടക്കംകൂടാതെ അടയ്ക്കുന്നവർക്ക് പലിശ സബ്സിഡി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോൾത്തന്നെ ചെറിയ രീതിയിൽ അരശതമാനം സബ്സിഡിയുണ്ട്. മറ്റു രീതിയിൽ ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെൻറിനും ചില യൂണിറ്റുകൾക്കും സബ്സിഡി ലഭിക്കുന്നുണ്ട്. ചെറിയ രീതിയിലുള്ള വ്യവസായങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു വേണ്ടി ഏതെല്ലാം രീതിയിൽ സബ്സിഡി കൊടുക്കാൻ കഴിയും എന്ന കാര്യം ഗവൺമെൻറ് പരിശോധിക്കുന്നതാണ്. സിക്ക് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കും. അതിന്റെ പലിശയാണ് ഇളവ് ചെയ്യേണ്ടതെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കും. ഏതു രീതിയിൽ സിക്ക് യൂണിറ്റ് കാര്യക്ഷമമാക്കുന്നതിനു കഴിയും എന്ന കാര്യം പരിശോധിച്ചുവരികയാണ്. പലിശ ഇളവു ചെയ്യണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ പലിശ ഇളവ് ചെയ്തു കൊടുത്തതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇലക്ട്രിസിറ്റി കിട്ടാത്തതിനാൽ നഷ്ടം വന്നതിന് ഇളവ് ചെയ്തു കൊടുത്തിട്ടുണ്ട്, അതുപോലെ കൃത്യസമയത്ത് രേഖ സമർപ്പിക്കാത്തതിനു ഇളവ് ചെയ്തു കൊടുത്തിട്ടുണ്ട്. ആ അടിസ്ഥാനത്തിലെടുക്കുകയാണെങ്കിൽ നമ്മുടെ ഗവൺമെന്റിൽനിന്നു വാങ്ങിയ പണത്തിന്റെ വിഹിതം അതിന്റെ ഇരട്ടിവരെ അടച്ചിട്ടും തീരാത്തതു വിദ്യുച്ഛക്തിയുടെ ഇളവ് കിട്ടാത്തതുകൊണ്ട് വന്ന നഷ്ടവുംകൂടി ഇതിൽ ഉൾപ്പെടുത്തി ഇളവു ചെയ്തുകൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു പുതിയ സമീപനം സ്വീകരിക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതാണ് നമ്മുടെ വ്യവസായത്തിന്റെ തകരാറുകൾക്കുള്ള ഒരു കാരണം. ഇലക്ട്രിസിറ്റി കിട്ടുമോയെന്നു നോക്കാതെ പ്രോജക്ടുകൾ ആരംഭിക്കും. ബാക്കി എത്തെല്ലാം രീതിയിൽ ഉള്ള വർക്കിംഗ് ക്യാപിറ്റൽ കിട്ടുമെന്നതിനെക്കുറിച്ച് ശരിയായ ഒരു കാഴ്ചപ്പാട് ഇല്ലാതെ പല പ്രോജക്ടുകളും ലോൺ സാങ്ഷനാക്കിക്കഴിഞ്ഞാൽ പ്രവർത്തനമാരംഭിക്കുന്ന അവസരത്തിലാണ് അത് മുന്നോട്ടു പോകുന്നതിന് തടസ്സം വരുന്നത്. അതുകൊണ്ട് ഇലക്ട്രിസിറ്റി അടക്കമുള്ള അസംസ്കൃത സാധനങ്ങൾ ഇല്ലാതെയുള്ള യൂണിറ്റുകൾ സമ്മർദ്ദത്തിലൂടെയും മറ്റും പാസാക്കിയിട്ട് പിന്നെ പ്രവർത്തിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകരുതെന്ന് കെ. എസ്. ഇ. ബോർഡിന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: കൃത്യമായും വളരെ കഷ്ടപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: അത് ബഹുമാനപ്പെട്ട ബേബി ജോണിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞതാണ്.

ശ്രീ. പി. സീതിഹാജി: സർ, പല പ്രോജക്ടുകളും പൂർത്തിയാക്കുന്നതിന് മുമ്പ് ലോൺ തിരിച്ചടക്കേണ്ട സന്ദർഭം വരികയും അങ്ങനെ തിരിച്ചടയ്ക്കാൻ കഴിയാത്ത പല പ്രോജക്ടുകളിലും പലിശയും പലിശയ്ക്കുമേൽ പലിശയും കൂടി വൻപിച്ച തുക കുടിശ്ശികയായി വരികയും ചെയ്യുന്നു. അതിന്റെ പേരിൽ പല വ്യവസായങ്ങളും സ്തംഭിച്ചിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: സർ, വായ്പ എടുക്കുന്നവരെ സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എടുത്തിട്ടുള്ള നയം, യഥാസമയം അത് തിരിച്ചടക്കുകയെന്നുള്ളതാണ്. യഥാവസരം തിരിച്ചടയ്ക്കാത്ത ആളുകൾക്ക് പീനൽ ഇൻറെസ്റ്റ് ഈടാക്കണമെന്നുള്ളത് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെ ഒരു നയമാണ്. പക്ഷെ അവരുടേതായ കാരണങ്ങളാൽ അത് തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ പീനൽ ഇൻറെസ്റ്റ് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പക്ഷെ അത് അവരുടേതായ കാരണങ്ങളാലായിരിക്കണം. ലോൺ എടുത്തിട്ട് അത് തിരിച്ചടയ്ക്കാത്ത ഒരു നല്ല വിഭാഗം ആളുകളുണ്ട്. അവർക്ക് പീനൽ ഇൻറെസ്റ്റ് അല്ല അതിന്റെ അപ്പുറത്തെ ഇൻറെസ്റ്റ് ഈർപ്പെടുത്തേണ്ടിവന്നാലും ഈർപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇവിടെ വായ്പകളുടെ ഭൂരിഭാഗവും ഐ. ഡി. ബി. ഐ.യുടെ റിഫൈനാൻസ് ആണെന്നു പറഞ്ഞു. ഐ. ഡി. ബി. ഐ. റീ ഫൈനാൻസ് നിശ്ചയിക്കുന്നതിന് ഓരോ സംസ്ഥാനത്തേയും അനുപാതം എങ്ങനെയാണ്? നാം സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിലാണോ ഓരോ വർഷത്തിലും സംഖ്യ അനുവദിക്കുന്നത്? അങ്ങനെയാണെങ്കിൽ ജനസംഖ്യാ അനുപാതവുമായി, തൊഴിലില്ലായ്മയുടെ രൂക്ഷത കണക്കിലെടുത്ത് നമുക്ക് ലഭിക്കാനുള്ളത് ലഭിക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഐ. ഡി. ബി. ഐ. യുടെ റീ ഫിനാൻസ് കിട്ടുന്നത് കെ. എഫ്. സി. യിൽ നിന്നു മാത്രമല്ലാ, നാഷണലൈസ്ഡ് ബാങ്കുകളും, കോമേഴ്സ്യൽ ബാങ്കുകളും, സഹകരണ ബാങ്കുകളും, ഇതെല്ലാം ഐ.ഡി.ബി.ഐ. യുടെ റീ ഫിനാൻസ് കിട്ടാൻ എലിജിബിളാണ്. പക്ഷെ പല ബാങ്കുകളും ഐ. ഡി. ബി. ഐ. റീ ഫിനാൻസ് കിട്ടാൻ ഉള്ള കാര്യം, നല്ല രീതിയിൽ പ്രോജക്ട് റിപ്പോർട്ട് കൊടുക്കാത്തതുകൊണ്ട് ഐ.ഡി.ബി.ഐ. യിൽ നിന്ന് നമ്മുടെ കേരള സംസ്ഥാനത്തിന് കിട്ടാവുന്നതിന്റെ അർഹമായ രീതിയിലുള്ള റീ ഫിനാൻസ് വാങ്ങുന്നില്ല. കഴിയുന്നത്ര ഇൻസ്റ്റിറ്റ്യൂഷനുകളും വന്നിട്ടും നമ്മുടെ രാജ്യത്തെ തൊഴിലിലായ്മ രൂക്ഷമായിരിക്കുന്നതുകൊണ്ട് കൂടുതൽ വ്യവസായങ്ങളും ഐ.ഡി.ബി.ഐ. യുടെ സഹായത്തോടുകൂടി നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. സി. ജോസ്: മുമ്പ് കെ.എഫ്.സി.യിൽ നിന്ന് സഹായം കിട്ടണമെങ്കിൽ വളരെ ചെറിയ പ്രോജക്ട് റിപ്പോർട്ടുകളും വരെ 'കിഡ്കോ' പോലെയുള്ള വലിയ സ്ഥാപനങ്ങളും അപ്രൂവ് ചെയ്യണമെന്ന നിലയാണുള്ളത്. ഒരു വമ്പിച്ച തുക കൊടുത്താൽ മാത്രമേ കിഡ്കോയിൽനിന്ന് പ്രോജക്ട് റിപ്പോർട്ട് അപ്രൂവ് ചെയ്തു കിട്ടുകയുള്ളു. ഇത് ചെറുകിട വ്യവസായ സംരംഭങ്ങളെ വളരെ ബുദ്ധിമുട്ടിലാക്കുന്നതുകൊണ്ട് കിഡ്കോയുടെ അപ്രൂവൽ വേണമെന്നുള്ള നിബന്ധന കെ.എഫ്.സി. ഒഴിവാക്കി മറെറന്തെങ്കിലും മാർഗ്ഗം ഈ കാര്യത്തിൽ സ്വീകരിക്കണം. അപ്രൂവ്ഡ് ആയിട്ടുള്ള ഏതെങ്കിലും കൺസൾട്ടൻസിനെക്കൊണ്ട് ഇത് ചെയ്യിച്ചാൽ മതിയെന്ന നിബന്ധനയിൽ ഗവൺമെന്റിന് എത്തിച്ചേരാൻ കഴിയുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാന സഹകരണ ബാങ്ക് കൊടുക്കുന്ന ലോണിനെ സംബന്ധിച്ച് ഐ.ഡി.ബി.ഐ. യുമായിട്ട് ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കെ. എഫ്. സി. ക്ക് കിഡ്കോയുടെ അപ്രൂവൽ കിട്ടണമെന്ന നിർബന്ധമില്ല. അപ്രൂവ്ഡ് എഞ്ചിനീയർമാരുടെ റിപ്പോർട്ടുകളും കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ലോൺ 90 ശതമാനം പാസാക്കാവുന്നതാണ്. പക്ഷെ ചില പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ഇത് വളരെ പരിമിതമാണ്. 90 ശതമാനവും അപ്രൂവ്ഡ് എഞ്ചിനീയർമാരെകൊണ്ട് റിപ്പോർട്ട് തയ്യാറാക്കികൊടുക്കുകയെന്നുള്ളതാണ് നടപടിക്രമം. ചിലതിനെ സംബന്ധിച്ചിടത്തോളം ഐ.ഡി.ബി.ഐ. ക്ക് സംശയം തോന്നിയാൽ കിഡ്കോയുടെ വെരിഫിക്കേഷൻ മാത്രമേ നടക്കുകയുള്ളു.

ശ്രീ. ഒ. ഭരതൻ: കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക വായ്പ അനുവദിക്കുന്ന സമയത്ത് ഒരുലക്ഷം രൂപയ്ക്ക് ആയിരം രൂപ വീതം പാരിതോഷികം പറ്റുന്നതായിട്ട് വല്ല ആക്ഷേപവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടിയാണ് അതിൻമേൽ സ്വീകരിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: കെ. എഫ്. സി.യെക്കുറിച്ച് ഒരുപാടാക്ഷേപങ്ങൾ ഞാൻ മന്ത്രിയാകുന്നതിനു മുമ്പ് കേട്ടിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റിനു മുമ്പിൽ അങ്ങനെ ഒരു പരാതിയുമില്ല. ഏതെങ്കിലും പ്രത്യേകമായ പരാതി ഗവൺമെന്റിനെ അറിയിച്ചാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: എം. എൽ. എ. മാരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനുവേണ്ടി കെ.എഫ്.സി. വഴി അവർക്ക് വാഹനം വാങ്ങാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: വായ്പ, എം.എൽ.എ. മാരെന്നുള്ള വ്യത്യാസമില്ലാതെ യോഗ്യതയുള്ള എല്ലാ ആളുകൾക്കും കൊടുക്കുന്നതാണ്. പലിശയുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

അരി മൊത്തവ്യാപാര ഷോപ്പുകൾ ഏറെടുത്തു നടത്തുന്നതിന് ലഭിച്ച അപേക്ഷകൾ

* 49 [49] ശ്രീ. വി. കെ. രാജൻ:
,, കെ. പി. പ്രഭാകരൻ:
ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. സി. ഐ. യുടെ കീഴിലുണ്ടായിരുന്ന അരി മൊത്തവ്യാപാര ഷോപ്പുകൾ ഏറെടുത്തു നടത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അപേക്ഷകൾ പരിഗണിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) 530 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കേരളാ റേഷനിംഗ് ഓർഡർ 51-ാം ഖണ്ഡിക അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് ജില്ലാ കളക്ടർമാർ അപേക്ഷകൾ പരിഗണിക്കുന്നത്.

(സി) അപേക്ഷകരുടെ യോഗ്യതകൾ തുല്യമാണെങ്കിൽ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

ശ്രീ. വി. കെ. രാജൻ: സർ, 530 അപേക്ഷകൾ ലഭിച്ചു എന്നു പറഞ്ഞു. എത്ര റേഷൻകടകളാണ് നടത്തുന്നതെന്ന് വ്യക്തമായില്ല. അതിൽത്തന്നെ ഏതോ ഒരു ഖണ്ഡിക വായിച്ചു. അതിന്റെ മാനദണ്ഡത്തിന്റെ വിശദീകരണം തരണം. ഈ രണ്ടു കാര്യങ്ങളാണ് എനിക്കറിയേണ്ടത്. അതുപോലെ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന കൊടുക്കുമെന്നു പറഞ്ഞു. അതായത് അപേക്ഷകരുടെ കാര്യത്തിൽ അതിൽ എഴുതിയിട്ടുള്ളതനുസരിച്ച് മുൻഗണന കൊടുക്കുമെന്നാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly